കൊല്ലം ജില്ലയിലെ മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി

149 (3120) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമം ഏതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതി നടപ്പിലാക്കിയ നോഡൽ ഏജൻസി ഏതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിൽ കൃഷി ഭവൻ, ജില്ലാ കൃഷി ഓഫീസർ എന്നിവർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിനെയാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തത്.

(ബി) മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയാണ് മാതൃക ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത നോഡൽ ഏജൻസി.

(സി) മാതൃകാ ഹൈടെക് ഹരിത ഗ്രാമ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ പോഷക സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പു വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ കീഴിലുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മത്സ്യ വകുപ്പ്, ക്ഷീര വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എസ്.സി.-എസ്.റ്റി. വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, ഹോർട്ടികോർപ്പ്, അനർട്ട്, ശുചിത്വമിഷൻ, ജലനിധി, സൈസസ് ബോർഡ് എന്നീ വിവിധ ഏജൻസികളാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവയുടെ ഏകോപന ചുമതല നോഡൽ ഏജൻസിയായ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രകാരം വിഭാവന ചെയ്യുന്ന കാർഷിക പദ്ധതികൾ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ ഇവയുടെ ചുമതല ജില്ലാ കൃഷി ഓഫീസർക്കാണ്. 19-10-2013-ലെ സർക്കാർ ഉത്തരവ് (ആർ‌റ്റി.) 1830/2013/എഡി പ്രകാരം പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുതല കമ്മറ്റിയുടെ കൺവീനർ കൃഷി ഓഫീസറും പദ്ധതിയുടെ മേൽനോട്ടം നടത്തുന്ന ജില്ലാതല കമ്മിറ്റിയുടെ വൈസ് ചെയർമാൻ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും കൺവീനർ ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ - ഹോർട്ടിക്കൾച്ചറുമാണ്.

വിത്തുതേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭ്യമാക്കൽ

150 (3121) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്നും കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തു തേങ്ങയുടെ വില നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(ബി) വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ&ബി) 2014-15 വർഷത്തെ വിത്തുതേങ്ങയുടെ സംഭരണവില നിശ്ചയിച്ചിട്ടില്ല. 2014-15-ലെ വിത്തുതേങ്ങാ സംഭരണ വില നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അടിയന്തര പരിഗണനയിലാണ്. 2014-15 വർഷത്തിൽ വിത്തു തേങ്ങാ സംഭരണം 2015 ജനുവരി മുതലാണ് ആരംഭിച്ചത്. സർക്കാർ നിശ്ചയിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ലഭിക്കേണ്ട അർഹമായ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് e-payment മുഖേനയാണ് നൽകുന്നത്.

കർഷക ആത്മഹത്യകൾ

151 (3122) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly